''ഭരണഭാഷ - മാതൃഭാഷ''

<u>അടിയന്തിരം</u>

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ: ജി1/18750/16(3)

ചാക്ക, തിരുവനന്തപുരം
തീയതി: 18/01/2017

## <u>ചുറ്ററിയിപ്പ്</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഫെബ്രുവരി 2017- സെഷണൽ മാർക്കുകൾ, പരീക്ഷാ ഫീസിന്റെ വിവരങ്ങൾ, ഹാജർ വിവരങ്ങൾ എന്നിവ പോർട്ടലിൽ 21/01/17 നകം എൻട്രി വരുത്തണമെന്ന നിർദേശം -സംബന്ധിച്ച്.

സൂചന:- ഇതേ നമ്പരായുള്ള 13/1/17 ലെ ചുറ്ററിയിപ്പ്.

----------

സൂചനയിലേക്ക് ശ്രദ്ധക്ഷണിക്കുന്നു. ഫെബ്രുവരി 2017ൽ നടക്കുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് എഴുതുന്നതിനായി ഹാൾടിക്കറ്റ് ജനറേറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ആഗസ്റ്റ് 2015, ആഗസ്റ്റ് 2016ൽ അഡ്മിഷനായ റഗുലർ ട്രെയിനികളുടെ സെക്ഷണൽ മാർക്ക്, പരീക്ഷാ ഫീസിന്റെ സ്റ്റാറ്റസ്, ഹാജർ വിവരങ്ങൾ എന്നിവയും സപ്ലിമെന്ററി പരീക്ഷ എഴുതുന്ന ട്രെയിനിയുടെ ഫീസ്റ്റാറ്റസിന്റെ വിവരങ്ങളും **21/07/17** നകം എൻട്രി വരുത്താൻ സൂചന പ്രകാരം നിർദേശം നൽകിയിരുന്നു.

Q1, Q2 സെക്ഷണൽ മാർക്കുകൾ, Q1, Q2 അറ്റൻഡൻസ്, പരീക്ഷാ ഫീസിന്റെ വിവരങ്ങൾ എന്നിവ **21/1/17** നകം പോർട്ടലിൽ എൻട്രി വരുത്തി അർഹരായ ട്രെയിനികൾക്ക് ഹാൾടിക്കറ്റ് ലഭിക്കുന്നതിലേക്കായി 'Hall Ticket Eligibility Criteria' പൂർത്തീകരിക്കേണ്ടതാണ്. കൂടാതെ എല്ലാ റഗുലർ/സപ്ലിമെന്ററി ട്രെയിനികളുടെയും 'ഹാൾടിക്കറ്റ് എലിജിബിലിറ്റി റിപ്പോർട്ട്' പരിശോധിക്കേണ്ടതും ആയതിന്റെ പ്രിന്റ് എടുത്ത് സൂക്ഷിക്കേണ്ടതുമാണ്. ഇപ്രകാരം എൻട്രി വരുത്തിയ യോഗ്യരായ ട്രെയിനികളുടെ ഹാൾടിക്കറ്റുകൾ **27/1/17** മുതൽ അതത് ഐ.ടി.ഐ കൾക്ക് ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഹാൾടിക്കറ്റ് വിതരണവുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള നിർദേശങ്ങൾ എല്ലാം പാലിച്ചുകൊണ്ട് ട്രെയിനികൾക്ക് ഹാൾടിക്കറ്റ് വിതരണം നടത്തേണ്ടതാണ്. എം.ഐ.എസ് ജനറേറ്റഡ് ഹാൾടിക്കറ്റ് ഇല്ലാത്ത ട്രെയിനികളെ ഒരു കാരണവശാലും പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല. മുകളിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ സമയബന്ധിതമായി പോർട്ടലിൽ രേഖപ്പെടുത്താത്ത കാരണത്താൽ ട്രെയിനികൾക്ക് ഹാൾടിക്കറ്റ് ലഭിക്കാത്ത സാഹചര്യം ഉണ്ടായാൽ ആയത് അതത് സ്ഥാപനമേധാവികൾക്ക് മാത്രമാണ് ഉത്തരവാദിത്തം എന്നും ഓർമ്മപ്പെടുത്തുന്നു.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

ഉള്ളടക്കം:ടി
എല്ലാ സ്ഥാപനമേധാവികൾക്കും

<u>പകർപ്പ്</u>
വകുപ്പ് വെബ്സൈറ്റിലേക്ക്

ആൻ 19.1.17